No. 77309/C1/11/TSm

<u>പതിമൂന്നാം കേരള നിയമസഭ</u>

<u>രണ്ടാം സമ്മേളനം</u>

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ :4167 — 18.10.2011-ൽ മറുപടിയ്ക്ക്

<u>വടക്കൻ ജില്ലാ ടൂറിസം മേഖലയിലെ പ്രശ്നങ്ങൾ</u>

| <u>ചോദ്യം</u> | <u>ഉത്തരം</u> |
|---|---|
| ശ്രീ. എ.പി. അബ്ദുള്ളക്കുട്ടി | ശ്രീ. എ.പി.അനിൽകുമാർ (പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പു മന്ത്രി). |
| എ) ടൂറിസം കേന്ദ്രങ്ങളിലെ അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തത, ഹർത്താലുകൾ, ഗുണപരമായ മനുഷ്യവിഭവ ശേഷിയില്ലായ്മ തുടങ്ങി വിനോദ സഞ്ചാര മേഖല നേരിടുന്ന പ്രശ്നങ്ങൾ പരിഹരിക്കുവാൻ എന്തു നടപടിയാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നത്; | എ) അടിസ്ഥാന സൗകര്യ വികസനത്തിനും പുതിയ ടൂറിസ്റ്റ് കേന്ദ്രങ്ങൾ കണ്ടെത്തി വികസിപ്പിക്കുന്നതിനുമാണ് ടൂറിസം വകുപ്പ് ഏറ്റവും കൂടുതൽ പ്രാധാന്യം നൽകുന്നത്. ഓരോ ജില്ലയിലെയും ടൂറിസം കേന്ദ്രങ്ങളെയും അതാത് സ്ഥലങ്ങളിലെ ടൂറിസം സാധ്യതകളെയും കുറിച്ച് പ്രത്യേക സർവ്വേകളും പഠനങ്ങളും നടത്തി അവയുടെ വികസനത്തിനായുള്ള പദ്ധതികൾ നടപ്പിലാക്കി വരുന്നത്. ഇത് തുടരുന്നതാണ്. ടൂറിസ്റ്റുകളേയും ടൂറിസ്റ്റ് കേന്ദ്രങ്ങളെയും സ്ഥാപനങ്ങളെയും വാഹനങ്ങളെയും ഹർത്താലിൽ നിന്ന് ഒഴിവാക്കുന്നതിന് സമവായം ഉണ്ടാക്കേണ്ടത് സംബന്ധിച്ച് പുതിയ കരട് ടൂറിസം നയത്തിൽ പരാമർശമുണ്ട്. ടൂറിസം മേഖലയിലെ മാനവശേഷി വികസനത്തിനായി 1989 മുതൽ കിറ്റ്സ് വിവിധ കോഴ്സുകൾ നടത്തി വരുന്നു. IHMCT, Food Craft Institute, വിവിധ യൂണിവേഴ്സിറ്റികൾ, വൊക്കേഷണൽ ഹയർസെക്കന്ററി സ്കൂളുകൾ എന്നിവ നടത്തുന്ന ടൂറിസം അധിഷ്ഠിത കോഴ്സുകളും മാനവശേഷി വികസനം ലക്ഷ്യമാക്കിയുള്ളവയാണ്. |
| ബി) ടൂറിസം വരുമാനത്തിൽ പിന്നോക്കം നിൽക്കുന്ന വടക്കൻ ജില്ലകളിലെ ടൂറിസം മേഖലയിൽ അടിസ്ഥാന വികസന സൗകര്യം വർദ്ധിപ്പിക്കുവാൻ എന്തു നടപടിയാണ് സ്വകരിക്കുവാൻ ഉദ്ദേശിക്കുന്നത്; വ്യക്തമാക്കാമോ? | ബി) വടക്കൻ ജില്ലകളായ കാസർകോട്, കണ്ണൂർ, വയനാട്, കോഴിക്കോട്, മലപ്പുറം, പാലക്കാട് എന്നിവിടങ്ങളിൽ ടൂറിസം അടിസ്ഥാന വികസനം ലക്ഷ്യമാക്കി ധാരാളം പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. വടക്കൻ ജില്ലകളിൽ നിർമ്മിക്കുന്ന അക്കോമഡേഷൻ യൂണിറ്റുകൾക്ക് 5 വർഷത്തേക്ക് ലക്ഷ്വറി ടാക്സ് ഹോളി ഡേ സംവിധാനം ഏർപ്പെടുത്തുവാൻ പുതിയ കരട് ടൂറിസം നയത്തിൽ വിഭാവനം ചെയ്യുന്നുണ്ട്. |

സെക്ഷൻ ഓഫീസർ